ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ



# കേരളം 1

സമാധാനത്തിന്റെയും മതസൗഹാർദത്തിന്റെയും മാതൃകാ സ്ഥാനത്താണ് കേരളം. നമ്മുടെ ജനാധിപത്യസംസ്കാരത്തിന്റെയും ജീവിതക്രമത്തിന്റെയും അടയാളക്കുറിയാണ് മതസൗഹാർദം. അതിന് പോറലേൽക്കാതിരിക്കാൻ സംസ്ഥാന സർക്കാർ പ്രതിജ്ഞാബദ്ധമാണ്. നാടിന്റെ വികസനത്തിനും ഉത്പാദന വർധനവിനും അവയുടെ നീതിയുക്തമായ വിതരണത്തിനും തെളിമയാർന്ന കാഴ്ചപ്പാട് സർക്കാരിനുണ്ട്. സാമൂഹികനീതിയിലധിഷ്ഠിതമായ സമഗ്രവികസനം ഉറപ്പുവരുത്തുന്നതിന് സമാധാനപരമായ സാമൂഹികാന്തരീക്ഷം ഏറ്റവും അനിവാര്യമാണ്.


MANOJ ABRAHAM IPS




# കേരളം 1

## സമാധാനത്തിലും സൗഹാർദത്തിലും

സമൂഹത്തിൽ സമാധാനവും അശരണരുടെ ജീവിതത്തിൽ ആശ്വാസവും പകർന്ന് പോലീസ്. തെളിയാത്ത കേസ് എന്നൊന്നില്ല എന്ന് തെളിയിച്ച് കുറ്റകൃത്യങ്ങളിൽ കുറ്റവാളികളെ പിടികൂടി. നിഷ്പക്ഷമായി, നിർഭയമായി, മുഖംനോക്കാതെയുള്ള നടപടികളിലൂടെയും നിരാലംബർക്ക് നൽകുന്ന ആശ്വാസത്തിലൂടെയും പുതിയൊരു പോലീസ് സംസ്കാരം.



## ജനപക്ഷ നയം

പോലീസ് ജനങ്ങൾക്കൊപ്പമാവണം. ജനങ്ങളോടൊപ്പം നിന്ന് അവരുടെ സഹകരണത്തോടെയാവണം പ്രവർത്തനങ്ങൾ എന്നതാണ് ഈ സർക്കാരിന്റെ പോലീസ് നയം. പോലീസ് സ്റ്റേഷനുകൾ സേവനകേന്ദ്രങ്ങളാവണം. ഏതു സാധാരണക്കാരനും പോലീസ് സ്റ്റേഷനിൽ എത്തി ആവലാതി ബോധിപ്പിച്ചാൽ അതിൻമേൽ സാധ്യമായ നിയമപരമായ പരിഹാര നടപടികളുണ്ടാകണം. ആ പരിഹാരനടപടികൾ വേഗത്തിലുണ്ടാകണം. നാട്ടിലാകെ ജനങ്ങൾക്ക് ഭയപ്പാടില്ലാതെ ആത്മവിശ്വാസത്തോടെ ജീവിക്കാനാകണം. പോലീസ് പക്ഷപാതരഹിതമായി പ്രവർത്തിക്കുകയും കുറ്റകൃത്യങ്ങൾക്കെതിരെ മുഖം നോക്കാതെ നടപടി സ്വീകരിക്കുകയും വേണം. ചുരുക്കിപ്പറഞ്ഞാൽ, നാടിന്റെ പുരോഗമന മുന്നേറ്റത്തിന് അടിത്തറയൊരുക്കുന്നതാവണം പോലീസിന്റെ പ്രവർത്തനങ്ങൾ. സാമൂഹികവിരുദ്ധശക്തികൾക്ക് വളരുവാനവസരം നൽകുകയുമരുത്. ഈ കാഴ്ചപ്പാട് ഉൾക്കൊണ്ടു കൊണ്ടുള്ള പ്രവർത്തനശൈലിയിലാണ് പൊതുവിൽ പോലീസ്. ഒട്ടേറെ



മാതൃകാപ്രവർത്തനങ്ങൾ ഇതിന്റെ ഭാഗമായി നടന്നുവരുന്നു. ഇതിൽനിന്നു വ്യത്യസ്തമായ, തെറ്റായ പ്രവണതകൾക്കെതിരെ ശക്തമായ തിരുത്തൽ നടപടികളും സർക്കാർ യഥാസമയം കൈക്കൊള്ളുന്നു.

## തിരുത്തലുകളിലായിരുന്നു തുടക്കം

സർക്കാർ അധികാരത്തിൽ വന്ന് വൈകാതെതന്നെ ക്രമസമാധാനം ശക്തിപ്പെടുത്തുന്നതിന് കർശന നടപടികൾ കൈക്കൊണ്ടു. കേസന്വേഷണം ശാസ്ത്രീയമാക്കുന്നതിനും മൂന്നാംമുറ ഒഴിവാക്കുന്നതിനും അഴിമതി തടയുന്നതിനുമുള്ള ശക്തമായ ഇടപെടലുകൾ നടത്തി. ഇതിനായി മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ ഉന്നതതലയോഗങ്ങളും വീഡിയോ കോൺഫറൻസിങ്ങും സംഘടിപ്പിച്ചു. പോലീസിൽ സമഗ്രമായ അഴിച്ചുപണി നടത്തി. തുടർന്ന് റേഞ്ച് അടിസ്ഥാനത്തിലുള്ള യോഗങ്ങളിൽ മുഖ്യമന്ത്രി നേരിട്ടു പങ്കെടുത്ത് ക്രമസമാധാനവും കുറ്റാന്വേഷണവും കൂടുതൽ ഫലപ്രദമാക്കുന്നതിനുള്ള നിർദേശങ്ങൾ നൽകി. കൃത്യമായ ഇടവേളകളിൽ വീഡിയോ കോൺഫറൻസുകൾ നടത്തി പ്രവർത്തനം വിലയിരുത്തുന്നു. കാലുഷ്യമില്ലാത്ത ക്രമസമാധാനപാലനം ഇതിന്റെ ഗുണഫലമാണ്.

## ക്രമസമാധാനം– ഇന്ത്യയിൽ ഏറ്റവും മികച്ചത്

മികച്ച സംസ്ഥാനത്തിനും ക്രമസമാധാന പാലന മികവിനുമുള്ള 2016 ലെ ഇന്ത്യടുഡേ അവാർഡ് കേരളത്തിനാണ്. ക്രമസമാധാനപാലനത്തിലെ മികവു കൂടി കണക്കിലെടുത്ത് കേരളത്തെ 2016 ലും 2017 ലും മികച്ച സംസ്ഥാനമായി പബ്ലിക് അഫയേഴ്സ് ഇൻഡക്സ് തെരഞ്ഞെടുത്തു. പ്ലാൻ ഇന്ത്യാ സർവെ പ്രകാരം സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിൽ കേരളം രാജ്യത്ത് ഗോവയ്ക്കു പിന്നിൽ രണ്ടാം സ്ഥാനത്തുണ്ട്.

ശബരിമല തീർഥാടനം, ആറ്റുകാൽ പൊങ്കാല, ഓണം, ബക്രീദ്, റംസാൻ, ക്രിസ്മസ്, വിഷു തുടങ്ങിയ ആഘോഷ വേളകൾ, ഐ.എസ്. എൽ, ഐ.പി.എൽ പോലുള്ള മെഗാ ഫുട്ബാൾ, ക്രിക്കറ്റ് മത്സരങ്ങൾ എന്നിങ്ങനെ എല്ലാ അവസരങ്ങളിലും മികച്ച രീതിയിൽ ക്രമസമാധാനം പാലിക്കാൻ കഴിഞ്ഞു. ഗുണ്ടകളെയും ക്രിമിനലുകളെയും അറസ്റ്റ് ചെയ്യുന്നതിന് പ്രത്യേക സ്ക്വാഡുകൾ എല്ലാ ജില്ലകളിലും രൂപീകരിച്ചു. ഗുണ്ടകൾക്കും സാമൂഹ്യവിരുദ്ധർക്കും ഗുരുതര കുറ്റകൃത്യങ്ങൾ ചെയ്തവർക്കുമെതിരായ നടപടികളുടെ ഭാഗമായി സംസ്ഥാന വ്യാപകമായി ജില്ലാ പോലീസ് മേധാവിമാരുടെ



നേതൃത്വത്തിൽ സ്പെഷ്യൽ ഡ്രൈവ് നടത്തി. രാഷ്ട്രീയാതിക്രമങ്ങളും പൊതുവേ കുറയുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു.

2016-ൽ സംസ്ഥാനത്ത് 1768 രാഷ്ട്രീയാതിക്രമങ്ങളുണ്ടായപ്പോൾ 2017 ൽ 1522 ആയി കുറഞ്ഞു. 2016ൽ 16 രാഷ്ട്രീയ കൊലപാതകങ്ങളുണ്ടായപ്പോൾ 2017 ൽ അത് അഞ്ചായി കുറഞ്ഞു.

## സ്റ്റേഷനുകളിൽ ഇൻസ്പെക്ടർ റാങ്കിലുള്ള സീനിയർ ഓഫീസർമാർ എസ്.എച്ച്.ഒ.മാരാവുന്നു

കുറ്റാന്വേഷണവും ക്രമസമാധാനപാലനവും കൂടുതൽ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ പുതുതായി 196 സ്റ്റേഷനുകളിലുൾപ്പെടെ 203 സ്റ്റേഷനുകളിൽ ഇൻസ്പെക്ടർ (സി.ഐ.) റാങ്കിലുള്ള ഉദ്യോഗസ്ഥരെ സ്റ്റേഷൻ ഹൗസ് ഓഫീസറായി നിയമിച്ചു. ഇതോടെ ഈ സ്റ്റേഷനുകളിൽ ക്രമസമാധാന പാലനത്തിനും കുറ്റാന്വേഷണത്തിനും എസ്.ഐ.മാരുടെ നേതൃത്വത്തിൽ രണ്ടു ഡിവിഷനുകൾ നിലവിൽ വന്നു. സംസ്ഥാന പോലീസിൽ കുറേക്കാലത്തിനിടെ ഏറ്റവും സുപ്രധാനമായ പരിഷ്കാരമാണിത്. അടുത്ത ഘട്ടമായി ഇത് 471 ലോക്കൽ പോലീസ് സ്റ്റേഷനുകളിലേക്ക് വ്യാപിപ്പിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.





## മുഖം മാറുന്ന പോലീസ് സ്റ്റേഷനുകൾ...

മുഖം മാറുകയാണ് കേരളത്തിലെ പോലീസ് സ്റ്റേഷനുകളുടെ... പൂന്തോട്ടവും പച്ചക്കറിത്തോട്ടവുമൊക്കെയായി മനോഹരമായ അന്തരീക്ഷം... സന്ദർശകർക്ക് സ്വീകരണമുറി. സ്വീകരിക്കാൻ ഓഫീസർ. ഇരിക്കാൻ കസേരകൾ... വായിക്കാൻ പുസ്തകങ്ങളും മാസികകളും... ഇങ്ങനെ പലതുമുള്ള നിരവധി പോലീസ് സ്റ്റേഷനുകൾ യാഥാർഥ്യമായിക്കഴിഞ്ഞു. യാഥാർഥ സേവനകേന്ദ്രങ്ങളായി നമ്മുടെ സ്റ്റേഷനുകൾ മാറുന്ന പ്രക്രിയ മുന്നേറുകയാണ്.

## പുതിയ തസ്തികകൾ, യൂണിറ്റുകൾ

ഈ സർക്കാരിന്റെ കാലത്ത് പോലീസിലെ വിവിധ വിഭാഗങ്ങളെ ശക്തിപ്പെടുത്താനായി 2445 പുതിയ തസ്തികകളും തുടർച്ചാനുമതി നല്കിയ 1873 തസ്തികകളുമുൾപ്പെടെ 4318 തസ്തികകൾ അനുവദിച്ചു. ആദ്യമായി രൂപീകരിച്ച വനിതാ ബറ്റാലിയനായി 451 തസ്തികകൾ, ഡ്രൈവർമാരുടെ 400 തസ്തികകൾ, പോലീസിൽ ഏഴ് സായുധ ബറ്റാലിയനുകളിലും പുതിയ കമാൻഡോ യൂണിറ്റുകൾക്കായി 210 തസ്തികകൾ, കൊച്ചി മെട്രോക്കായി 294 തസ്തികകൾ, പരിശീലനത്തിനായി 200 തസ്തികകൾ, സി.ഐ.എസ്.എഫിനായുള്ള 345 തസ്തികകൾ, വിവിധ പോലീസ് സ്റ്റേഷനുകൾക്കായനുവദിച്ച തസ്തികകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. നിയമപരിപാലനം ശക്തിപ്പെടുത്തുന്നതിൽ സർക്കാരിന്റെ പ്രതിബദ്ധതയ്ക്കു തെളിവാണ് സാമ്പത്തിക പരിമിതിക്കുള്ളിലും കുറഞ്ഞ സമയത്തിനുള്ളിൽഇത്രയധികം തസ്തികകൾ.

## സന്ദർശകരെ സ്വീകരിക്കാൻ പി.ആർ.ഒ ചുമതലയുള്ള പോലീസും

സ്റ്റേഷനിലെത്തുന്ന പരാതിക്കാരെയും പൊതുജനങ്ങളെയും സ്വീകരിക്കാനും അവർക്കാവശ്യമായ മാർഗനിർദേശങ്ങളും സഹായങ്ങളും നല്കാനും ഉദ്ദേശിച്ച് എല്ലാ സ്റ്റേഷനിലും അഭിരുചിയുള്ള ഒരു പോലീസ് ഉദ്യോഗസ്ഥന് പി.ആർ.ഒ. ചുമതല.

## കുറ്റാന്വേഷണരംഗത്ത് മികവ്

ക്രമസമാധാനരംഗത്തെന്ന പോലെ കുറ്റാന്വേഷണ രംഗത്തും നല്ല മുന്നേറ്റമുണ്ടാക്കി. നിരവധി കേസുകൾ ഫലപ്രദമായും ശാസ്ത്രീയമായും അന്വേഷിച്ചു പ്രതികളെ കണ്ടെത്തി ഉചിതമായ ശിക്ഷ നൽകുന്നതിനും സാധിച്ചു.

- കോളിളക്കം സൃഷ്ടിച്ച ജിഷാ കേസിൽ പ്രത്യേക അന്വേഷണ സംഘം ശാസ്ത്രീയമായ അന്വേഷണത്തിലൂടെ പ്രതിയെ പിടികൂടി. കോടതി പ്രതിക്ക് വധശിക്ഷ നല്കുകയും ചെയ്തു.

- ഓൺലൈൻ തട്ടിപ്പ് കേസിലെ പ്രതികളെ ഡൽഹിയിൽനിന്ന് കേരള സൈബർ പോലീസ് സംഘം വിദഗ്ധനീക്കത്തിലൂടെ പിടികൂടി.

- കഴിഞ്ഞ വർഷം നെടുപുഴ കുരിയച്ചിറയിൽ സ്വർണക്കട ജീവനക്കാരന്റെ പക്കൽനിന്ന് 93 ലക്ഷം വിലവരുന്ന സ്വർണാഭരണങ്ങൾ കവർന്ന കേസിൽ മഹാരാഷ്ട്ര സ്വദേശി ഉൾപ്പെടെയുള്ള പ്രതികളെ അറസ്റ്റ് ചെയ്തു.

- കോവളത്ത് മരിയദാസ് എന്നയാളെ ഒരു തുമ്പും അവശേഷിപ്പിക്കാതെ കൊലപ്പെടുത്തിയ കേസിൽ തമിഴ്നാട്ടിൽനിന്ന് ഒരാഴ്ചയ്ക്കുള്ളിൽ പ്രതികളെ അറസ്റ്റുചെയ്ത് കവർച്ച മുതൽ വീണ്ടെടുത്തു.

- പാലക്കാട് ആലത്തൂർ ചിതലിയിൽ നിന്ന് കാണാതായ പ്രീതിയെ തമിഴ്നാട്ടിൽ പൊള്ളാച്ചിക്ക് സമീപം കൊലപ്പെടുത്തി കുഴിച്ചിട്ട പ്രതിയെ രണ്ടാഴ്ചയ്ക്കുള്ളിൽ അറസ്റ്റ് ചെയ്ത് സ്വർണാഭരണങ്ങൾ വീണ്ടെടുത്തു.

- തൃശ്ശൂർ ഈസ്റ്റ് പോലീസ് സ്റ്റേഷൻ പരിധിയിൽ ലോലിതയെ തമിഴ്നാട് രാമപുരത്ത് കൊണ്ടുപോയി വിഷം നൽകി കൊലപ്പെടുത്തിയ കേസിൽ പ്രതിയെ താമസമില്ലാതെ അറസ്റ്റ് ചെയ്തു.

- കോട്ടയം ഏറ്റുമാനൂർ കുന്നംകുളത്ത് അശ്വതിയെന്ന ഗർഭിണിയെ കൊന്ന് ബെഡ്ഷീറ്റിൽ പൊതിഞ്ഞ് റബർതോട്ടത്തിൽ ഉപേക്ഷിച്ച കേസിൽ അഞ്ച് ദിവസത്തിനകം പ്രതിയെ പിടികൂടി.





□ കൊച്ചിയിൽ മധ്യവയസ്കനെ കൊന്ന് മൃതദേഹം വെട്ടിനുറുക്കി കിണറ്റിൽ തള്ളിയ കേസിൽ പ്രതിയായ തൊഴിലുടമയെ അറസ്റ്റ് ചെയ്തു.

□ തീവ്രവാദവുമായി ബന്ധപ്പെട്ട നീക്കങ്ങൾ തടയാൻ ശക്തമായ നടപടിയുണ്ടായി. ഐ.എസ് റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട് രണ്ടുപേരെ മുംബൈയിൽനിന്ന് അറസ്റ്റ് ചെയ്ത് നിയമനടപടിക്ക് വിധേയമാക്കി. ഇക്കാര്യത്തിൽ കൂടുതൽ അന്വേഷണം നടത്തിവരുന്നു.

□ ഹൈടെക് എ ടി എം മോഷണ ശ്രമങ്ങൾ ഏറെ ശാസ്ത്രീയമായി തെളിയിക്കാനായി. തിരുവനന്തപുരത്ത് എസ്ബിഐ എ ടി എം കൗണ്ടറിൽ ക്യാമറ, മാഗ്നറ്റിക് ഡേറ്റാ റിസീവർ എന്നിവ സ്ഥാപിച്ച് എടിഎം കാർഡ് വിശദാംശങ്ങൾ ശേഖരിച്ച് പണം ചോർത്തിയ സംഘത്തിലെ മുഖ്യപ്രതി റുമേനിയക്കാരനെ മുംബൈയിൽ നിന്ന് അറസ്റ്റ് ചെയ്തു. മറ്റൊരാളെ കേരള പോലീസ് ആവശ്യപ്രകാരം കെനിയയിൽ ഇന്റർപോൾ കസ്റ്റഡിയിലെടുത്തു.

□ തിരുവനന്തപുരത്ത് നന്തൻകോട് മാതാപിതാക്കളുൾപ്പെടെ നാലുപേരെ ദാരുണമായി കൊല ചെയ്ത് ഒളിവിൽ പോയ പ്രതിയെ മൂന്നാം നാൾ പിടികൂടി.

□ കാസർകോട് മദ്രസ അധ്യാപകനെ കൊലപ്പെടുത്തിയ പ്രതികളെ ഏറ്റവും വേഗത്തിൽ അറസ്റ്റ് ചെയ്തു.

□ തൃക്കാക്കര പോലീസ് സ്റ്റേഷൻ പരിധിയിൽ യൂണിയൻ ബാങ്ക് എ ടി എം കൗണ്ടറിലും കമ്പിവേലിക്കകം എന്ന സ്ഥലത്തെ സിൻഡിക്കേറ്റ് ബാങ്കിന്റെ എടിഎം കൗണ്ടറിലും നടന്ന മോഷണങ്ങളിൽ പ്രതികളിലൊരാളായ ഉത്തർപ്രദേശ് സ്വദേശിയെ അറസ്റ്റ്ചെയ്തു. കൂട്ടുപ്രതിയായ നാട്ടുകാരനെ ഇയാൾ കൊലപ്പെടുത്തിയതും തെളിയിച്ചു.

□ അങ്കമാലിയിൽ നടിയെ ആക്രമിച്ചതുൾപ്പെടെ അടുത്തകാലത്തുണ്ടായ സ്ത്രീപീഡനക്കേസുകളിലെല്ലാം പ്രതികളെ നിയമത്തിനു മുന്നിലെത്തിച്ചു.



- തിരുവനന്തപുരം പാറശ്ശാല പളുകലിലെ നിർമൽകൃഷ്ണ ഫണ്ട് കേസിൽ തമിഴ്നാട് പോലീസുമായി ചേർന്ന് അന്വേഷണം ഊർജിതമാക്കി ഉടമ ഉൾപ്പെടെയുള്ളവരെ അറസ്റ്റുചെയ്ത് സ്വത്തുക്കൾ കണ്ടുകെട്ടി.

- ആലപ്പുഴയിലെ എടത്വായിൽ കോളിളക്കം സൃഷ്ടിച്ച മധു-ലിന്റോ ഇരട്ടക്കൊലപാതകക്കേസിൽ പ്രതികളെ കൃത്യമായ അന്വേഷണത്തിലൂടെ പിടികൂടി.

- വൻവിലയുള്ള ആഡംബര വാഹനങ്ങൾ പോണ്ടിച്ചേരിയിൽ രജിസ്റ്റർ ചെയ്ത് നികുതി വെട്ടിച്ച കേസിൽ പ്രമുഖർ ഉൾപ്പെടെയുള്ളവർക്കെതിരെ കേസെടുത്ത് അന്വേഷണം നടത്തി വരുന്നു.

- തിരുവനന്തപുരം സ്വദേശിയായ വന്ദ്യവയോധികയെ കബളിപ്പിച്ച് എ.ടി.എം. കാർഡുപയോഗിച്ച് പന്ത്രണ്ടര ലക്ഷം രൂപ കവർന്ന പ്രതിയെ സൈബർ ക്രൈം തച്ചോട്ടുകാവിൽ നിന്ന് അറസ്റ്റ് ചെയ്തു.

- അട്ടപ്പാടി അഗളിയിൽ ആദിവാസി യുവാവ് മധു കൊല്ലപ്പെട്ടതുമായി ബന്ധപ്പെട്ട് 16 പേരെ അറസ്റ്റ് ചെയ്തു.

- കണ്ണൂർ മട്ടന്നൂരിൽ ഷുഹൈബ് വധവുമായി ബന്ധപ്പെട്ട് എട്ടുപേരെ അറസ്റ്റ് ചെയ്തു.

- കാസർകോട് ചീമേനിയിൽ റിട്ട. അധ്യാപിക ജാനകിയുടെ കൊലപാതകവുമായി ബന്ധപ്പെട്ട് മൂന്ന് പേരെ അറസ്റ്റ് ചെയ്തു.

- കൊച്ചിയിൽ ഭീകരാവസ്ഥ സൃഷ്ടിച്ച രണ്ട് കൂട്ടക്കവർച്ചാകേസുകളിലെ പ്രതികളെ ശാസ്ത്രീയമായ അന്വേഷണത്തിലൂടെ ഡൽഹിയിലും പശ്ചിമ ബംഗാളിൽ നിന്നുമായി പിടിച്ചു.

- കോവളത്തെ വിദേശ വനിതയുടെ കൊലപാതകം, റേഡിയോ ജോക്കിയായിരുന്ന കിളിമാനൂരിലെ യുവാവിന്റെ കൊലപാതകം എന്നിങ്ങനെ ഈ അടുത്തകാലത്തെ കോളിളക്കം സൃഷ്ടിച്ച കേസുകളും വേഗത്തിൽ തെളിയിക്കാനായി.




## സ്ത്രീസുരക്ഷ ഉറപ്പാക്കിയ സംസ്ഥാനങ്ങളിൽ കേരളം മുൻനിരയിൽ

സ്ത്രീകളുടെ സാമൂഹിക പദവി ഉയർത്തുന്നതിന് ഏറ്റവും പ്രധാനമായി വേണ്ട ഒന്നാണ് സ്ത്രീ സുരക്ഷ. സ്ത്രീസുരക്ഷയ്ക്ക് വലിയ പരിഗണനയാണ് സർക്കാരും പോലീസും നല്കുന്നത്. നിരവധി ശക്തമായ നടപടികൾ കൈക്കൊണ്ടതിനെത്തുടർന്ന് 2017ൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ കുറഞ്ഞു വരുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. 2016 ലെ ആകെ അതിക്രമങ്ങൾ 15114. 2017 ൽ അത് 14254 ആയി കുറഞ്ഞു. അംഗീകാരം പ്ലാൻ ഇന്ത്യ നടത്തിയ ഗ്രേഡിങ് പ്രകാരം സ്ത്രീസുരക്ഷ ഉറപ്പാക്കിയതിൽ (Gender Vulnerability Index) കേരളം ഇന്ത്യയിൽ രണ്ടാമതെത്തി.




## ഭയം വേണ്ട, സഹായിക്കും പിങ്ക് പട്രോൾ

അതിക്രമങ്ങൾ കുറയ്ക്കുന്നതിന് തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കേഴിക്കോട്, കണ്ണൂർ, കോട്ടയം, ആലപ്പുഴ നഗരങ്ങളിൽ പിങ്ക് പട്രോളും തിരുവനന്തപുരത്ത് പിങ്ക് ബീറ്റും ഉൾപ്പെടെ ശക്തമായ നിരീക്ഷണ സംവിധാനങ്ങൾ പുതുതായി ഏർപ്പെടുത്തി. ലോക്കൽ പോലീസ് പട്രോൾ, ഹൈവേ പട്രോൾ, ഷാഡോ പോലീസ് നിരീക്ഷണം എന്നിവയ്ക്ക് പുറമേയാണിത്. സഹായം തേടിയുള്ള ഒരു ഫോൺ കോൾ വന്നാൽ ജിഐഎസ്–ജിപിഎസ് സംവിധാനം ഉപയോഗിച്ച് കൃത്യമായി സ്ഥലം കണ്ടെത്തി വേഗത്തിൽ പോലീസ് സഹായം എത്തിക്കുന്നതിന് സാധിക്കുന്ന സോഫ്റ്റ്‌വെയറാണ് വാഹനത്തിൽ ഉപയോഗിക്കുന്നത്. സ്ത്രീകൾക്ക് പിങ്ക് പട്രോൾ സഹായത്തിനും വിവരങ്ങൾ അറിയിക്കുന്നതിനും 1515 എന്ന നമ്പരിലേക്ക് വിളിക്കാം. സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ കുറയ്ക്കുന്നതിന് ഏറെ ഫലപ്രദമായ ഒന്നായി ഈ പദ്ധതി മാറി.

## പോലീസിനൊപ്പം നിർഭയ വോളണ്ടിയർമാരും

2014 ൽ എറണാകുളത്ത് പൈലറ്റ് അടിസ്ഥാനത്തിൽ ആരംഭിക്കുകയും പിന്നീട് പ്രവർത്തനം നിലയ്ക്കുകയും ചെയ്ത നിർഭയ പദ്ധതി ഈ സർക്കാർ 2016 ൽ പുനരാവിഷ്കരിച്ച് കേരളമാകെ നടപ്പാക്കുകയാണ്. ഇതിന്റെ ഭാഗമായി എല്ലാ പഞ്ചായത്തുകളിലും കോർപ്പറേഷൻ വാർഡുകളിലും അഞ്ചു പേർ വീതമുള്ള നിർഭയ വോളന്റിയർമാരെ സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ പോലീസിനെ സഹായിക്കുന്നതിനായി നിയോഗിച്ചുവരുന്നു.

## പരാതി പരിഹാര നടപടികൾക്ക് ശക്തമായ സംവിധാനങ്ങൾ

സ്ത്രീകൾക്ക് ആത്മവിശ്വാസത്തോടെ പോലീസ് സ്റ്റേഷനിലെത്തി പരാതികൾ നൽകുന്നതിനായി എല്ലാ പോലീസ് സ്റ്റേഷനുകളിലും വനിതാ





സ്വയം പ്രതിരോധ പരിശീലനം

ഹെൽപ് ഡെസ്ക്കുകളുടെ പ്രവർത്തനം ശക്തമാക്കി. പഞ്ചായത്തിൽ ഒരു വനിതാപോലീസ് ഉദ്യോഗസ്ഥ ആഴ്ചയിലൊരിക്കലെത്തി സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളിൽ പരാതികൾ സ്വീകരിക്കുന്നതിന് നടപടിയായി. 24 മണിക്കൂറും സ്ത്രീകൾക്ക് സഹായത്തിനായി വിളിക്കാവുന്ന 1091 എന്ന വനിതാ ഹെൽപ് ലൈൻ നമ്പറും സാമൂഹിക നീതിവകുപ്പ് പോലീസ് ഉൾപ്പെടെയുള്ള ഏജൻസികളുമായി ചേർന്ന് നടത്തുന്ന 181 എന്ന സഹായക നമ്പറും പിങ്ക് പട്രോൾ സംവിധാനത്തിനു പുറമേ എല്ലാ ജില്ലകളിലും നിലവിലുണ്ട്. ഇതുകൂടാതെ ഒരു എസ്.പിയുടെ നേതൃത്വത്തിൽ സംസ്ഥാന വനിതാസെൽ, വനിതാ സി.ഐയുടെ ചുമതലയിൽ സുസജ്ജമായ ജില്ലാ വനിതാ സെല്ലുകൾ എന്നിവയും പ്രവർത്തിക്കുന്നു.

## സ്ത്രീശക്തിയുടെ വിളംബരമായി പ്രതിരോധപരിശീലനം

ഉണ്ണിയാർച്ചമനസ്സുമായി അതിക്രമങ്ങളെ കരുത്തോടെ നേരിടാൻ വനിതകളെ പ്രാപ്തരാക്കുന്ന സ്വയം പ്രതിരോധ പരിശീലനം കേരള പോലീസ് അഞ്ചു ലക്ഷം പേർക്ക് നല്കിക്കഴിഞ്ഞു. കുടുംബശ്രീ, റസിഡൻസ് അസോസിയേഷനുകൾ, കലാലയങ്ങൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയവയുടെ സഹകരണത്തോടെ, പ്രാദേശിക തലങ്ങളിലും പരിശീലനം. അതിക്രമ സാഹചര്യങ്ങൾ തിരിച്ചറിയാൻ വനിതകളെ പ്രാപ്തരാക്കുകയും അത്തരം വേളകളിൽ സ്വീകരിക്കേണ്ട പ്രതിരോധരീതികൾ പരിശീലിപ്പിക്കുകയും ചെയ്ത് അവർക്ക് സുരക്ഷയും ആത്മവിശ്വാസവും പ്രദാനം ചെയ്യുന്ന ഈ പദ്ധതിയുടെ ഭാഗമായി ജില്ലാതല പരിശീലനകേന്ദ്രങ്ങൾ ആരംഭിച്ചു. ഈ വർഷം ഒരു ലക്ഷത്തിലേറെ പേർക്ക് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി പരിശീലനം നൽകി. വരുംവർഷം രണ്ടു ലക്ഷത്തിലേറെപ്പേരെ പരിശീലിപ്പിക്കാനുള്ള തയ്യാറെടുപ്പിലാണ് പോലീസ്.

## മറ്റു നടപടികൾ

വനിതകൾക്കായി മൂന്ന് മൊബൈൽ കൗൺസലിങ് കേന്ദ്രങ്ങൾ ആരംഭിച്ചു. ഷീ ടാക്സി, പിങ്ക് ഓട്ടോ, ഷീ ഓട്ടോ തുടങ്ങിയ പേരുകളിൽ എല്ലാ ജില്ലകളിലും, പ്രത്യേകിച്ച് നഗരങ്ങളിൽ, സ്ത്രീകൾക്ക് സുരക്ഷിതയാത്രാസംവിധാനങ്ങളും നിലവിലുണ്ട്. ഇത് കൂടാതെ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി, ജനമൈത്രി പദ്ധതികൾ വഴിയും വിവിധ ജില്ലകൾ കേന്ദ്രീകരിച്ചും സ്ത്രീസുരക്ഷയ്ക്കായി നിരവധി പരിപാടികൾ നടപ്പാക്കുന്നുണ്ട്.




## വളരുന്ന പെൺകരുത്ത് – പോലീസിൽ വനിതാ പ്രാതിനിധ്യം വർധിക്കുന്നു

പോലീസിലെ വനിതാ പ്രാതിനിധ്യം ഏഴിൽ നിന്ന് 15 ശതമാനമായും തുടർന്ന് 25 ശതമാനമായും വർധിപ്പിക്കുന്നതിനുള്ള സമയബന്ധിത പ്രവർത്തനത്തിലാണ് സർക്കാർ. സംസ്ഥാനത്ത് ആദ്യമായി പുതിയ പോലീസ് ബറ്റാലിയൻ തിരുവനന്തപുരം മേനംകുളത്ത് ആരംഭിച്ചു. ഇതിനായി 451 പുതിയ തസ്തികകൾ സൃഷ്ടിച്ചു. വനിതകൾക്കും പ്രധാന സ്റ്റേഷൻ ചുമതലകൾ നല്കുന്നു.



സംസ്ഥാനത്ത് ആദ്യമായി ആറു പോലീസ് സ്റ്റേഷനുകളിൽ (ഏരൂർ, തണ്ണിത്തോട്, തൃശൂർ ടൗൺ വെസ്റ്റ്, വരന്തരപ്പള്ളി, ചെമ്മങ്ങാട്, പയ്യാവൂർ) വനിത എസ്.ഐ.മാരെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി നിയമിച്ചു. അന്താരാഷ്ട്ര വനിതാദിനമായ മാർച്ച് എട്ടിന് പരമാവധി പോലീസ് സ്റ്റേഷനുകളിൽ വനിതകൾ എസ്.എച്ച്.ഒ.മാരായി പ്രവർത്തിക്കുന്നതിന് അവസരം നൽകി.

## ജനകീയ പോലീസിങ്ങിലേക്ക്... എല്ലാ സ്റ്റേഷനിലും ജനമൈത്രി പദ്ധതി

പോലീസ് പ്രവർത്തനങ്ങളിൽ ജനങ്ങളുടെ സഹകരണം വർധിപ്പിക്കുന്നതിനും ജനങ്ങളുടെ ആവശ്യങ്ങൾ മനസ്സിലാക്കി സഹായങ്ങൾ ചെയ്ത് കൊടുക്കുന്നതിനും ലക്ഷ്യമിടുന്ന ഈ പദ്ധതി അഖിലേന്ത്യാതലത്തിൽ അംഗീകാരം നേടിയതാണ്. 267 സ്റ്റേഷനുകളിൽ മാത്രമൊതുങ്ങിയിരുന്ന ജനമൈത്രി പദ്ധതി ഈ സർക്കാർ എല്ലാ ലോക്കൽ സ്റ്റേഷനിലേക്കും വ്യാപിപ്പിച്ചു. ജനമൈത്രി പോലീസ് സംസ്ഥാനത്തെ മുഴുവൻ വീടുകളും സന്ദർശിക്കുന്ന ബൃഹദ് പദ്ധതിയിലാണ് ഇപ്പോൾ.



# സുരക്ഷാ നടപടികൾ ഫലം കാണുന്നു വാഹനാപകടങ്ങൾ കുറയുന്നു

ഗതാഗത സുരക്ഷയ്ക്കായി സംസ്ഥാനത്ത് നടപ്പാക്കുന്ന പ്രവർത്തനങ്ങൾക്ക് ഫലം കാണുന്നു. കേരളത്തിലെ റോഡപകടങ്ങളിൽ 2016 നെ അപേക്ഷിച്ച് 2017 ൽ കുറവുവന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. 2016 ൽ 39420 റോഡപകടങ്ങൾ സംസ്ഥാനത്തുണ്ടായപ്പോൾ 2017 ൽ പ്രാഥമിക കണക്കുകൾ പ്രകാരം 38462 റോഡപകടങ്ങളേ ഉണ്ടായുള്ളൂ. മരണസംഖ്യയിലും പരുക്കേറ്റവരുടെ എണ്ണത്തിലും കുറവുണ്ടായി. 2016 ൽ 4287 മരണം റിപ്പോർട്ട് ചെയ്തു. 2017 ൽ അത് 4035 ആയി കുറഞ്ഞു. ഗുരുതരമായി പരിക്കേറ്റവരുടെ എണ്ണം 2016 ൽ 30100 ൽ നിന്ന് 29471 ആയും പരിക്കേറ്റവരുടെ എണ്ണം 14008 ൽ നിന്ന് 12840 ആയും കുറഞ്ഞു.

റോഡപകടങ്ങൾ കുറയ്ക്കുന്നതിന് നിരവധി പദ്ധതികൾ സർക്കാരും പോലീസും, മോട്ടോർ വാഹന വകുപ്പും മറ്റ് ഏജൻസികളും ആവിഷ്കരിച്ചു. സ്കൂൾ കുട്ടികളുടെ സഹായത്തോടെ ബോധവത്കരണം നടത്തുന്നതിനുള്ള ശുഭയാത്ര പദ്ധതി, അപകടത്തിൽപ്പെട്ടവർക്ക് വേഗത്തിൽ ചികിത്സ കിട്ടുന്നതിന് സോഫ്റ്റ് പദ്ധതി (Save our Fellow Traveller) തുടങ്ങിയവ കേരള പോലീസ് ആവിഷ്കരിച്ചു. കൂടുതൽ അപകടങ്ങൾ നടന്ന മേഖലകൾ കണ്ടെത്തി പോലീസിനെ വിന്യസിച്ചതും പോലീസും മോട്ടോർ വാഹനവകുപ്പും ഉൾപ്പെടെയുള്ള ഏജൻസികൾ കൂടുതൽ നിരീക്ഷണ ക്യാമറകളും



ഇന്റർസെപ്റ്റർ പോലുള്ള ആധുനിക ഉപകരണങ്ങൾ സ്ഥാപിച്ചതും അപകടങ്ങൾ കുറയാൻ സഹായിച്ചു. അലക്ഷ്യമായ പാർക്കിങ് ഒഴിവാക്കാനുള്ള നടപടികളും രൂപം മാറ്റിയ വാഹനങ്ങൾക്ക് എതിരായ നടപടികളും അപകടങ്ങൾ കുറയാൻ കാരണമായി.

## പുതിയ പോലീസ് സ്റ്റേഷനുകൾ

13 സ്ഥലങ്ങളിൽ കൂടി പുതിയ ലോക്കൽ പോലീസ് സ്റ്റേഷനുകൾ പ്രഖ്യാപിച്ചു. ഇവിടങ്ങളിൽ സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. തലശ്ശേരി, കുമ്പള, തൃക്കരിപ്പൂർ, അർത്തുങ്കൽ, മുനക്കക്കടവ്, പൊന്നാനി എന്നീ സ്ഥലങ്ങളിൽ പുതിയ കോസ്റ്റൽ പോലീസ് സ്റ്റേഷനുകൾ പ്രവർത്തനമാരംഭിച്ചു. മലയാലപ്പുഴയിൽ സ്റ്റേഷൻ പ്രവർത്തനമാരംഭിച്ചു. അഞ്ചുതെങ്ങ്, പൂവാർ, എലത്തൂർ, വടകര എന്നീ തീരദേശ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ്. ഇതിൽ ഭൂരിപക്ഷം സ്റ്റേഷനുകൾക്കുള്ള തസ്തികകളും അനുവദിച്ചു. കൊച്ചി മെട്രോ പോലീസ് സ്റ്റേഷൻ ആവശ്യമായ മനുഷ്യവിഭവശേഷിയോടുകൂടി അനുവദിച്ചു.

## ദുരിതാശ്വാസം

സംസ്ഥാനത്തെ ഏറെ ദുഃഖത്തിലാഴ്ത്തിയ ഓഖി ദുരന്ത വേളയിൽ ദുരിതബാധിതരെ സഹായിക്കാനും കാണാതായവരെ കണ്ടെത്താനും മറ്റ് ദുരിതാശ്വാസ പ്രവർത്തനങ്ങളിലും കേരള പോലീസ് മുന്നിൽ നിന്നു പ്രവർത്തിച്ചു.




# സാങ്കേതിക മുന്നേറ്റം... പോലീസ് സേന കൂടുതൽ ആധുനികമാവുന്നു...

- പോലീസിൽ സാങ്കേതികവിദ്യാ മുന്നേറ്റവും ആധുനികവത്കരണവും ഏറ്റവും കൂടുതലുണ്ടായ കാലഘട്ടമാണ് കഴിഞ്ഞ രണ്ടു വർഷങ്ങൾ. പോലീസ് സേനയിലെ ആധുനികവത്കരണ പദ്ധതികൾ പരിഷ്കരിച്ച് നടപ്പാക്കുന്നതിനു തുടക്കമായി.

- പോലീസ് സ്റ്റേഷനിൽ വരാതെ തന്നെ ഓൺലൈനായി പരാതികൾ നല്കാനും വിവിധ പോലീസ് സേവനങ്ങൾ ലഭ്യമാക്കാനും തുണ എന്ന വെബ്സൈറ്റ് നിലവിൽ വന്നു. എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും സി.യു.ജി. സിം കാർഡുകൾ നൽകി.

- പോലീസ് സ്റ്റേഷനുകളും ഓഫീസുകളും കംപ്യൂട്ടറധിഷ്ഠിത ഫയൽ പ്രോസസിങ് സംവിധാനമായ അയാപ്സ് കൂടുതൽ കാര്യക്ഷമമാക്കി.

- കേരള പോലീസിന്റെ വെബ്സൈറ്റും ജില്ലാ വെബ്സൈറ്റുകളും കണ്ടന്റ് മാനേജ്മെന്റ് സംവിധാനത്തിൽ നവീകരിച്ചു.



- ക്രമസമാധാന പാലനത്തിലും കുറ്റാന്വേഷണത്തിലും സാങ്കേതികവിദ്യയുടെ ഉപയോഗം കൂടുതൽ ഫലപ്രദമാക്കാനും നടപടികൾ ആരംഭിച്ചു.

- അത്യാധുനിക 'ബോഡി ക്യാമറകൾ' പട്രോളിങ് ഉദ്യോഗസ്ഥർക്ക് നല്കുന്ന പദ്ധതി തിരുവനന്തപുരത്തും എറണാകുളത്തും ആരംഭിച്ചു.

- 100 പോലീസ് സ്റ്റേഷനുകൾ 'സ്മാർട്ട് സ്റ്റേഷനു' കളാക്കി.

- പോലീസ് ഫോട്ടോകൾ കേന്ദ്രീകരിച്ച് സൂക്ഷിക്കുന്നതിന് ആധുനിക 'ഫോട്ടോ ആർക്കൈവ്' സംവിധാനം പോലീസ് ഇൻഫർമേഷൻ സെന്റർ കേന്ദ്രമാക്കി ഏർപ്പെടുത്തി.

- ആധുനികമായ ചോദ്യംചെയ്യൽ മുറികൾ ജില്ലകളിൽ സ്ഥാപിച്ചു.

- 19 പോലീസ് ജില്ലകളിലും മൊബൈൽ ഫോറൻസിക് യൂണിറ്റ് സ്ഥാപിച്ചു.

- തിരുവനന്തപുരം ടെക്നോപാർക്കിൽ ആരംഭിച്ച കേരള പോലീസിന്റെ സൈബർ ഡോമിൽ ഇന്റർനെറ്റ് മോണിട്ടറിങ്ങിനും ധനകാര്യ കുറ്റകൃത്യങ്ങളുടെ മോണിട്ടറിങ്ങിനും സംവിധാനമൊരുക്കി പ്രവർത്തനം കാര്യക്ഷമമാക്കി.

- സൈസബർ ഫോറൻസികിൽ നിരവധി വർഷങ്ങൾക്കുശേഷം 100 പേർക്ക് വിദഗ്ധപരിശീലനം നല്കി. സൈബർ സെൽ, സൈബർ പോലീസ് സ്റ്റേഷൻ ജീവനക്കാർക്ക് വിദഗ്ധ പരിശീലനം നല്കി.

- എല്ലാ പോലീസ് സ്റ്റേഷനിലും പോലീസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നല്കി സൈബർ കേസുകൾ അന്വേഷിക്കുന്നതിനുള്ള സംവിധാനം നിലവിൽ വരുന്നു.

- തൃശ്ശൂർ പോലീസ് അക്കാദമിയിലും പോലീസ് ട്രെയിനിങ് കോളേജിലും പരിശീലന സംവിധാനങ്ങൾ പരിഷ്കരിച്ചു.

- പോലീസ് സേവനങ്ങൾ പൊതുജനങ്ങൾക്കു ലഭിക്കുന്നതിനും വിവരങ്ങൾ അറിയുന്നതിനും ബോധവത്കരണത്തിനുമായുള്ള രക്ഷ, സിറ്റിസൺ സേഫ്ടി, ട്രാഫിക് ഗുരു, ഡയൽ എ കോപ് തുടങ്ങിയ മൊബൈൽ ആപ്ലിക്കേഷനുകൾ പുറത്തിറക്കി.

- സൈബർകുറ്റകൃത്യങ്ങൾ തടയുന്നതിനും കണ്ടെത്തുന്നതിനും 'ഖാക്കി ഹാറ്റ്സ്'പോലുള്ള പുതിയ സംവിധാനങ്ങൾക്കു രൂപം നല്കി.

- സൈബർ സുരക്ഷയ്ക്കായി കുട്ടികൾക്കായുള്ള കിഡ്സ് ഗ്ലോവ് പദ്ധതിക്ക് തുടക്കമായി.

- ട്രാഫിക് അപകടങ്ങൾ കുറയ്ക്കുന്നതിനും കുറ്റകൃത്യങ്ങൾ തടയുന്നതിനുമായി രാത്രികാല ദൃശ്യങ്ങൾ ഉൾപ്പെടെ രേഖപ്പെടുത്താൻ കഴിയുന്ന സിസിടിവി ക്യാമറകൾ കൂടുതലായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചു.

- കാവൽക്കണ്ണുകൾ എന്ന പേരിൽ ആരംഭിച്ച പദ്ധതിപ്രകാരം വ്യാപാരി വ്യവസായികൾ, ബാങ്കുകൾ പോലുള്ള സ്ഥാപനങ്ങൾ തുടങ്ങിയവയുടെ

സഹകരണത്തോടെ ഇത്തരം കൂടുതൽ ക്യാമറകൾ ഉൾപ്രദേശങ്ങളിലുൾപ്പെടെയുള്ള സ്ഥലങ്ങളിൽ സ്ഥാപിച്ചുവരുന്നു.

- പോലീസ് സ്റ്റേഷനുകളിൽ ലോക്കപ്പുകൾ ഉൾപ്പെടെ നിരീക്ഷിക്കാൻ കഴിയുംവിധം ക്യാമറാ നിരീക്ഷണ സംവിധാനങ്ങൾ ഏർപ്പെടുത്തിവരുന്നു.

- കോഴിക്കോടും എറണാകുളത്തും തൃശ്ശൂരും പുതിയ സൈബർ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നു.

- പോലീസ് ആസ്ഥാനത്ത് പുതിയ ചീഫ് കൺട്രോൾ റൂമുകൾ ആരംഭിച്ചു.

- സോഷ്യൽമീഡിയ മോണിട്ടറിങ്ങിന് പോലീസ് ആസ്ഥാനത്ത് പുതിയ സോഷ്യൽ മീഡിയ സെൽ ആരംഭിച്ചു.

- നിരവധി ജില്ലാ പോലീസ് ആസ്ഥാനങ്ങളും സബ്ഡിവിഷണൽ ഓഫീസുകളും പോലീസ് സ്റ്റേഷനുകളും പുതിയ മന്ദിരങ്ങളുൾപ്പെടെ ആധുനീകരിച്ചു കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തി.

## സ്റ്റേഷനിൽ വരേണ്ട. പോലീസ് ഇനി വിരൽത്തുമ്പിൽ...

പോലീസ് സ്റ്റേഷനുകളിലെത്താതെ ഇപ്പോൾ ഓൺലൈനായി പരാതി നൽകാനും വിവിധ പോലീസ് സേവനങ്ങൾ പോലീസ് സ്റ്റേഷനിൽ വരാതെതന്നെ ഇന്റർനെറ്റ് വഴി ലഭിക്കുന്നതിനുമാണ് 'തുണ' എന്ന സിറ്റിസൺ പോർട്ടൽ സംവിധാനം ഈയിടെ ആരംഭിച്ചത്.

ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ പോലീസ് പ്രവർത്തനങ്ങളും സേവനങ്ങളും പൊതുജനങ്ങൾക്ക് ലഭിക്കുന്നതിനും വിവരങ്ങൾ അറിയുന്നതിനും ബോധവത്കരണത്തിനുമായുള്ള വിവിധ മൊബൈൽ ആപ്ലിക്കേഷനുകളും ഉണ്ട്. പോലീസ് വിവരങ്ങൾ അറിയുന്നതിനും സ്റ്റേഷനുകളിൽ ബന്ധപ്പെടുന്നതിനും രക്ഷ, ഡയൽഎകോപ്,സ്ത്രീ സുരക്ഷയ്ക്ക്സിറ്റിസൺ സേഫ്റ്റി, ട്രാഫിക് പാഠങ്ങൾക്ക് ട്രാഫിക് ഗുരു തുടങ്ങി വിവിധ മൊബൈൽ ആപ്ലിക്കേഷനുകൾ ആൻഡ്രോയ്ഡ് ഐ ഒ എസ് പ്ലാറ്റ്ഫോമുകളിൽ ലഭിക്കുന്നു. പൊതുജനങ്ങൾക്ക് ഏറെ പ്രയോജനപ്രദമാണ് ഈ പരിഷ്കാരം

## പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് –നടപടിക്രമങ്ങൾ ലഘൂകരിച്ചു

യുഎഇയിൽ ഉൾപ്പെടെ വിദേശത്തും ഇന്ത്യയിലും ജോലി തേടുന്നവർക്ക് പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് വേഗത്തിൽ ലഭിക്കുന്നതിന് നടപടിക്രമങ്ങൾ ലഘൂകരിച്ചു.

## കുട്ടികൾക്ക് കൂട്ടുകൂടാം പോലീസുമായി

ശിശുസൗഹൃദ പോലീസ് സ്റ്റേഷൻ എന്നത് ഐക്യരാഷ്ട്രസഭ അടക്കം മുന്നോട്ടുവച്ച സങ്കല്പനമാണ്. ഇന്ത്യയിൽ ഇത് ഫലപ്രദമായി നടപ്പാക്കുന്ന ആദ്യസംസ്ഥാനമാണ് കേരളം. തിരുവനന്തപുരം ഫോർട്ട്, കൊല്ലം ഈസ്റ്റ്, എറണാകുളം കടവന്ത്ര, തൃശൂർ ഈസ്റ്റ്, കോഴിക്കോട് ടൗൺ, കണ്ണൂർ ടൗൺ പോലീസ് സ്റ്റേഷനുകൾ ശിശു സൗഹൃദപോലീസ് സ്റ്റേഷനുകളായി മാറിക്കഴിഞ്ഞു. സ്റ്റേഷന് ചുറ്റുമുള്ള കുട്ടികളുടെ പ്രശ്നങ്ങൾ കണ്ടറിഞ്ഞ് പരിഹരിക്കുന്നതിന് മുൻഗണന നൽകുക എന്നതാണ് പ്രധാന ലക്ഷ്യം. പോലീസ് സ്റ്റേഷനുകൾ കുട്ടികൾക്ക് ആകർഷകമാംവിധം സജ്ജീകരിച്ചത് ഇതിന്റെ ഭാഗമായാണ്. കേരളത്തിലെ 19 പോലീസ് ജില്ലകളിലും മൂന്ന് പോലീസ് സ്റ്റേഷനുകൾ വീതം ഈ സാമ്പത്തിക വർഷം ശിശുസൗഹൃദമാക്കുന്നതിന് നടപടി തുടങ്ങി.

## തീവ്രവാദവും ഭീകരപ്രവർത്തനങ്ങളും തടയാൻ സത്വര നടപടി

ഐ.എസ്. പോലുള്ള തീവ്രവാദ സംഘടനകളുടെ പ്രവർത്തനം തടയുന്നതിനും മാവോയിസ്റ്റ് അക്രമഭീഷണികൾ തടയുന്നതിനും ഫലപ്രദമായ നടപടികൾ സ്വീകരിച്ചു. ആന്റി ടെററിസ്റ്റ് ഫോഴ്സിന്റെ ആസ്ഥാനം താൽക്കാലികമായി തൃപ്പൂണിത്തുറ ആംഡ് റിസർവ് ക്യാമ്പിൽ 500 ചതുരശ്രയടി സ്ഥലത്തോടൊപ്പം എല്ലാ സൗകര്യങ്ങളോടും കൂടി പ്രവർത്തിക്കാൻ തീരുമാനമായി.

# സന്തോഷം സായന്തനത്തിലും

## –മുതിർന്ന പൗരന്മാരുടെ സുരക്ഷ പ്രധാനം

സംസ്ഥാനത്ത് ഒറ്റപ്പെട്ട് താമസിക്കുന്ന മുതിർന്ന പൗരന്മാർക്ക് സുരക്ഷയ്ക്കായി അവരുടെ വിവര ശേഖരണം, അവരുമായി ആശയവിനിമയം നടത്തി പ്രശ്നങ്ങൾ മനസ്സിലാക്കൽ, അവരുടെ സുരക്ഷ ഉറപ്പാക്കൽ തുടങ്ങി നിരവധി പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു. കോട്ടയം ജില്ലയിൽ മുതിർന്ന പൗരന്മാർക്കായി ബി.എസ്.എൻ.എല്ലിന്റെ സഹകരണത്തോടെ ഹോട്ട് ലൈൻ സംവിധാനം ആരംഭിച്ചു.

സംസ്ഥാന വ്യാപകമായി മുതിർന്ന പൗരന്മാരുടെ സുരക്ഷയ്ക്കായി ഒരു പ്രത്യേക കർമ്മപരിപാടി രൂപീകരിക്കുന്നതിനായി ജില്ലാതലത്തിലുള്ള കൺസൾട്ടേഷൻ യോഗങ്ങൾ നടന്നുവരുന്നു.

## പോലീസ് ചീഫ് കൺട്രോൾ റൂം പ്രവർത്തനമാരംഭിച്ചു

ക്രമസമാധാനപാലനം, കുറ്റാന്വേഷണം, ഗതാഗത നിയന്ത്രണം തുടങ്ങി വിവിധ പോലീസ് പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിൽ കൂടുതൽ ഫലപ്രദമായി ഏകോപിപ്പിക്കുന്നതിന് പോലീസ് ആസ്ഥാനത്ത് പോലീസ് ചീഫ് കൺട്രോൾ റൂം പ്രവർത്തനമാരംഭിച്ചു.



## സൈബർ സുരക്ഷ

സൈബർ സുരക്ഷയ്ക്കായി നിരവധി പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു. സൈബർകുറ്റകൃത്യങ്ങൾ തടയുന്നതിനായി ജില്ലാ സൈബർ സെല്ലുകളെ ശക്തിപ്പെടുത്തി. തിരുവനന്തപുരത്തെ സൈബർ ഡോം പ്രവർത്തനങ്ങളും ശക്തിപ്പെടുത്തി. കുട്ടികൾക്കുള്ള സൈബർ സുരക്ഷാ ബോധവത്കരണത്തിനായി കിഡ്സ് ഗ്ലോവ് പദ്ധതിയുൾപ്പെടെ നടപ്പാക്കിവരുന്നു.

## മയക്കുമരുന്നുകടത്തിനെതിരെ സംയുക്ത നീക്കം

മയക്കുമരുന്നിന്റെയും മറ്റു ലഹരിവസ്തുക്കളുടെയും വർധിച്ചുവരുന്ന കടത്തും ഉപയോഗവും തടയുന്നതിന് പോലീസ്, എക്സൈസ്, റെയിൽവെ സംരക്ഷണസേന, റെയിൽവേ പോലീസ് എന്നിവർ ഒത്തുചേർന്നുള്ള പ്രവർത്തന പരിപാടിക്ക് തുടക്കമായി. ഒരു ഐ.ജി.യുടെ ചുമതലയിൽ കേരള ആന്റിനാർക്കോട്ടിക് സ്ക്വാഡ് – KANSAF കൂടുതൽ ശക്തിപ്പെടുത്തി. തിരുവനന്തപുരം നഗരത്തിൽ ആന്റിനാർക്കോട്ടിക് ക്ലബുകൾ ആരംഭിച്ചു. ഈ പ്രവർത്തനം സംസ്ഥാന തലത്തിൽ വ്യാപിപ്പിക്കുന്നതിന് 'ആസ്പി റേഷൻസ് 2018' ആരംഭിച്ചു. പ്രധാനപരിപാടികളോടനുബന്ധിച്ച് 'യെസ് ടു ഫുട്ബാൾ, നോ ടു ഡ്രഗ്', 'യെസ് ടു ക്രിക്കറ്റ്, നോ ടു ഡ്രഗ്' തുടങ്ങിയ പരിപാടികൾ ആരംഭിച്ചു. പുകയില ഉത്പന്നങ്ങളുടെ കവറുകളിൽ വലിയ സചിത്ര മുന്നറിയിപ്പുകൾ നൽകണമെന്ന 'കോറ്റ്പ' നിയമത്തിലെ വ്യവസ്ഥ കർശനമായി നടപ്പാക്കാനും കുട്ടികൾക്ക് ലഹരി വസ്തുക്കൾ വിൽക്കുന്നതിനെതിരെ കർശന നടപടികൾക്കും തുടക്കമായി.

## സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി – കേരളം മാതൃക

സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി 48സ്കൂളുകളിൽ കൂടി വ്യാപിപ്പിച്ചു. കൂടുതൽ സ്കൂളുകളിൽ തുടങ്ങാനുള്ള പ്രവർത്തനങ്ങൾ മുന്നേറുന്നു.



# അവാർഡുകൾ, അംഗീകാരങ്ങൾ

### ക്രമസമാധാനപാലനം

ക്രമസമാധാനപാലനത്തിലെ മികവു കൂടി കണക്കിലെടുത്ത് 2016ലും 2017 ലും മികച്ച സംസ്ഥാനമായി പബ്ലിക് അഫയേഴ്സ് ഇൻഡക്സ് കേരളത്തെ തെരഞ്ഞെടുത്തു.

### സ്ത്രീസുരക്ഷയ്ക്ക് അംഗീകാരം

പ്ലാൻ ഇന്ത്യ നടത്തിയ ഗ്രേഡിങ് പ്രകാരം സ്ത്രീസുരക്ഷ ഉറപ്പാക്കിയതിൽ (Gender Vulnerability Index) കേരളം രാജ്യത്ത് രണ്ടാമത്.

### രാജ്യത്തെ മികച്ച പോലീസ് സ്റ്റേഷനുകളിൽ വളപട്ടണവും

കേരളത്തിലെ എല്ലാ പോലീസ് സ്റ്റേഷനുകളും കൂടുതൽ മികവിലേക്ക്. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ പരിശോധനയുടേയും പഠനത്തിന്റേയും അടിസ്ഥാനത്തിൽ രാജ്യത്തെ മികച്ച പത്തു പോലീസ് സ്റ്റേഷനുകളിലൊന്നായി വളപട്ടണം സ്റ്റേഷനെ തെരഞ്ഞെടുത്തു. ക്രിമിനൽ കേസുകൾ കൈകാര്യം ചെയ്യുന്നതും ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടപ്പാക്കിയതും പോലീസുകാരുടെ ജനകീയ ഇടപെടലും വളപട്ടണം പോലീസ് സ്റ്റേഷന് ഈ നേട്ടം കൈവരിക്കുന്നതിന് സഹായകരമായി.

### ജനമൈത്രിക്ക് പോലീസ് എക്സലൻസ് അവാർഡ്

ഫൗണ്ടേഷൻ ഫോർ റിസർച്ച് പ്രസിദ്ധീകരിക്കുന്ന ജേർണലായ കോപ്സ് ടുഡേ ഇന്റർനാഷണൽ (COPS Today International) ഏർപ്പെടുത്തിയ 2017 ലെ പോലീസ് എക്സലൻസ് അവാർഡിന് കേരള പോലീസിന്റെ കമ്മ്യൂണിറ്റി പോലീസിങ് സ്കീമായ ജനമൈത്രി പോലീസ് പദ്ധതി അർഹമായി.

### സോഫ്റ്റ് പദ്ധതി

ട്രാഫിക് സുരക്ഷിതത്വത്തിന് വേണ്ടി കേരള പോലീസ് നടപ്പിലാക്കുന്ന "സോഫ്റ്റ്" (SOFT-Save Our Fellow Traveller) പദ്ധതിക്ക് ഇന്ത്യാ ഗവൺമെന്റിന്റെ പാർപ്പിട നഗരകാര്യ വകുപ്പിന്റെ റോഡ് സുരക്ഷിതത്വ പരിശ്രമങ്ങൾക്കുള്ള അവാർഡ് ലഭിച്ചു. രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളിലേയും ഗുണഭോക്തൃ വകുപ്പുകൾ ട്രാഫിക് സുരക്ഷിതത്വത്തിനുവേണ്ടി നടപ്പിലാക്കിയ പദ്ധതികളെ വിലയിരുത്തിയാണ് ഈ അവാർഡ് നിർണ്ണയിച്ചത്.

### സൈബർഡോമിന് ഐ.എസ്.ഒ.

മികവുറ്റ ഇൻഫർമേഷൻ സെക്യൂരിറ്റി മാനേജ്മെന്റ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള ഐ.എസ്.ഒ. 27001:2013 അംഗീകാരം സൈബർ ഡോമിന് ലഭിച്ചു. ഒരു നിയമനിർവഹണ യൂണിറ്റിന് ഇന്ത്യയിൽ ആദ്യമായാണ് ഈ അംഗീകാരം ലഭിക്കുന്നത്. സൈബർ സുരക്ഷയ്ക്കായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളും ഏജൻസികളും പാലിക്കേണ്ട അന്താരാഷ്ട്ര സ്റ്റാൻഡേർഡാണ് ഐ.എസ്.ഒ. 27001:2013.

### കൊല്ലം സിറ്റി ജില്ലാ പോലീസ് ഓഫീസിന് ഐ.എസ്.ഒ. അംഗീകാരം

കൊല്ലം സിറ്റി ജില്ലാ പോലീസ് ഓഫീസിന് പ്രവർത്തനമികവിനുള്ള ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭിച്ചു. ഒരു ജില്ലാ പോലീസ് ഓഫീസിന് ഇന്ത്യയിൽ രണ്ടാമതാണ് ഈ അംഗീകാരം ലഭിക്കുന്നത്.

### സ്റ്റുഡന്റ് പോലീസ് പദ്ധതി രാജ്യമാകെ

മികവു മുൻനിറുത്തി സ്റ്റുഡന്റ് പോലീസ് പദ്ധതി രാജ്യമാകെ വ്യാപിപ്പിക്കാൻ കേന്ദ്ര ആഭ്യന്തര വകുപ്പ് തീരുമാനിച്ചു.



## ഡിജിറ്റൽ പുതുസംരംഭങ്ങൾക്ക് അവാർഡ്

ന്യൂഡൽഹി അന്താരാഷ്ട്ര വ്യാപാരമേളയിലെ കേരള പവലിയനിൽ ഡിജിറ്റൽ ഇന്ത്യ എന്ന തീമിനെ അടിസ്ഥാനമാക്കി 2016 ലും സ്റ്റാർട്ടപ്പ് ഇന്ത്യ എന്ന തീമിനെ അടിസ്ഥാനമാക്കി 2017 ലും മികച്ച എക്സിബിറ്റർ അവാർഡ് കേരള പോലീസിനു ലഭിച്ചു.

## സൈബർ സുരക്ഷ

ബ്ലൂവെയ്ൽ ഗെയിമിന്റെ പശ്ചാത്തലത്തിൽ സൈബർ സുരക്ഷയ്ക്കായി കേരള പോലീസ് സ്വീകരിച്ച നടപടികൾക്ക് കേന്ദ്ര ആഭ്യന്തര വകുപ്പിന്റെ പ്രശംസ.

| | | |
|---|---|---|
| POLICE CONTROL ROOM | 100 | |
| PINK POLICE PATROL | 1515 | |
| COASTAL SECURITY HELP LINE | 1093 | |
| CRIME STOPPER | 1090 | |
| TRAFFIC ALERT | 1099 | |
| VANITHA HELP LINE | 1091 | |
| KERALA POLICE HELPLINE | 7025800100 | |
| POLICE SMS ALERT | 9497900000 | |
| POLICE CHIEF CONTROL ROOM | 94979 00999 | 0471 2722500 |
| POLICE COMPLAINT AUTHORITY | 0471 2335939 | |
| POLICE - SERVICE HELPDESK | 9497981338 / 9497981339 | |
| INTERNAL VIGILANCE CELL (WHATS APP) | 9497991100 | |
| POLICE INFORMATION CENTRE | 0471 2318188 | |
| HIGHWAY ALERT SERVICE | 9846100100 | |
| INTELLIGENCE ALERT | 9497999900 | |
| AGRICULTURAL CALL CENTRE | 1551 | |
| ANTI RAGGING HELPLINE | 1800 180 5522 | |
| ANTI CORRUPTION-SUPDT. OF POLICE CBI, KOCHI | 0484-2348601 | |
| BSNL ENQUIRY | 197 | |
| CHILD HELP LINE | 1098 | |
| CITIZEN CALL CENTRE | 0471 2115054/98, | 0471 2335523 |
| DISASTER MANAGEMENT | 1070 | |
| ELECTION HELPLINE | 1950 | |
| FINGER TIPS, TVM | 0471 2722722 | |
| FIRE STATION | 101 | |
| FOREST HELPLINE | 0471 2115054/98, | 0471 2335523 |
| KWA HELPLINE | 0471 2322674, | 8547638181 |
| KWA COMPLAINT RECEIVING CENTRE | 155313 | |
| MEDICAL SERVICE PROJECT (KEMP) | 108 | |
| NIRBHAYA TOLL FREE NUMBER | 1800 425 1400 | |
| PSC INFORMATION | 2444428 / 2444438 | |
| PWD HELPLINE | 1800 425 7771 | |
| RAIL ALERT | 9846200100 | |
| RAILWAY ENQUIRY/CALL CENTRE | 131/139 | |
| RAILWAY RESERVATION ENQUIRY | 132 | |
| SECRETARIAT CENTRAL EXCHANGE PABX | 2336576 | |
| SUTHARYA KERALAM | 155300 | |
| TECHNOPARK | 2700222 | |
| VIGILANCE TOLL FREE NUMBER | 1064 | |
| VIGILANCE PUBLIC GRIEVANCE (COMPLAINTS CELL) | 8592900900 | |














KERALA POLICE
PINK POLICE PATROL
FLAG OFF CEREMO
POLIC
By
POLICE
PINK POLICE PATROL
IND KL01BQ5320



# കേരളം 1

"ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. നമ്മുടെ ഭരണത്തിന്റെ മൂലക്കല്ലായി നിൽക്കുന്നത് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കുൾപ്പെടെ മികച്ച നിലവാരമുള്ള വിദ്യാഭ്യാസം, ആരോഗ്യ പരിപാലനം, എല്ലാവർക്കും പാർപ്പിടം, ഹരിതകേരളം തുടങ്ങിയവയാണ്. അഴിമതി കുറയ്ക്കുക എന്നതല്ല അഴിമതി പൂർണമായും ഇല്ലാതാക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം."

– പിണറായി വിജയൻ (കേരള മുഖ്യമന്ത്രി)

Printed and published by T V Subhash IAS, Director, Information and Public Relations Department on behalf of Govt. of Kerala
Printed at St. Joseph's Press, Thiruvananthapuram, Copies-10,000